LIBRARY ARCHIVES Kerala Legislative Assembly

**തലസ്ഥാന നഗരങ്ങളിൽ ലെയ്സൺ ഓഫീസുകൾ**

22 [3715] *ശ്രീ. എം. വി. ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ തമ്മിൽ കൂടുതൽ സഹകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ഓരോ സംസ്ഥാനവും തലസ്ഥാന നഗരങ്ങളിൽ ലെയ്സൺ ഓഫീസുകൾ തുറക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ)—(സി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണ്ണാടകം, തമിഴ്നാട്, പോണ്ടിച്ചേരി, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ കേരള സംസ്ഥാനത്തിന് ഒരു ലെയ്സൺ-കം-ഗസ്റ്റ്ഹൗസ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമെന്ന വ്യവസ്ഥയിൽ ടി സംസ്ഥാനങ്ങൾക്ക് അവരുടെ ലെയ്സൺ-കം-ഗസ്റ്റ്ഹൗസ് സ്ഥാപിക്കുന്നതിനായി അവരുടെ ഇഷ്ടാനുസരണം തലസ്ഥാനമായ തിരുവനന്തപുരത്തോ അല്ലെങ്കിൽ എറണാകുളത്തോ ഏകദേശം ഒരേക്കർ സ്ഥലം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ടി സംസ്ഥാനങ്ങളുടെ അഭിപ്രായവും തീരുമാനവും അറിയുന്നതിനുവേണ്ടി അവിടങ്ങളിലെ മുഖ്യമന്ത്രിമാർക്ക് കത്തെഴുതിയിട്ടുണ്ട്.

**ആസൂത്രണ ബോർഡിലെ കൺസൾട്ടന്റ്**

23 [3716] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ സ്റ്റാറ്റസ് പേപ്പർ തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുകയുണ്ടായിട്ടുണ്ടോയെന്നും, കൺസൾട്ടന്റിനെ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) സംസ്ഥാന ആസൂത്രണ ബോർഡിലെ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുപകരം പുറത്തുനിന്നും കൺസൾട്ടന്റിനെ നിയമിക്കാനിടയായ സാഹചര്യം വിശദീകരിക്കുമോ;

(സി) പ്രസ്തുത കൺസൾട്ടന്റിന്റെ അധിക യോഗ്യത എന്താണെന്നും, ഇതുവരെ നൽകിയ പ്രതിഫലത്തെ സംബന്ധിച്ചും വ്യക്തമാക്കുമോ;